**കുടുംബശ്രീ മിഷൻ ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് , കോഴിക്കോട് വെച്ച് ദ്വിദിന പരിശീലന പരിപാടി സംഘടിപ്പിച്ചു.**

കോഴിക്കോട് ടൗണിൽ നിന്നും കിഴക്ക് ഭാഗത്ത് വയനാട് ദേശീയ പാതയിൽ ഏകദേശം 10 കി മി ദൂരത്ത് കുന്നമംഗത്ത് സ്ഥിതി ചെയ്യുന്ന ഐ ഐ എം കെ (ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ്, കോഴിക്കോട്) വെച്ച് കുടുംബശ്രീ സംസ്ഥാനമിഷന്റെ നേതൃത്വത്തിൽ ദ്വിദിന പരിശീലന പരിപാടി 2017 ജുലായ് 21, 22 തീയ്യതികളിലായി നടത്തി.

മുപ്പത് പേരടങ്ങുന്ന പരിശീലന ഗ്രൂപ്പിന് പ്രൊഫസർ പ്രിയ നായർ രാജീവ്, ഡോ. സിമി ജോയ് എന്നിവർ നേതൃത്വം നൽകി.

പരിപാടിയുടെ കോ-ഓഡിനേറ്റർ കൂടിയായ പ്രൊഫ. പ്രിയ നായർ രാജീവ് 'മാനേജീരിയൽ എക്സലൻസ് പ്രോഗ്രാം' എന്ന വിഷയത്തിലൂടെ ഓർഗനൈസേഷന്റെ സ്ട്രക്ട്ച്ചർ വിശദമായി പഠിപ്പിച്ചു. 9.30 ന് ആരംഭിച്ച ക്ലാസ്സ് 11.00 മണിക്ക് ടീ ബ്രേക്ക് വരെ നീണ്ടു.

ആറ് ഗ്രൂപ്പുകളായി തിരിച്ച് ഓരോ വർക്ക് ഷീറ്റ് നൽകി ഓർഗനൈസേഷൻ എക്സലൻസിനെ കുറിച്ച് ചർച്ച ചെയ്തു. ഗ്രൂപ്പിൽ നിന്ന് ഒരാൾ ചർച്ച ക്രോഡീകരിച്ച് അവതരിപ്പിച്ചു. ഉച്ച ഭക്ഷണത്തിന് ശേഷം തൊട്ടടുത്ത ഉദ്യാനത്തിൽ ഫോട്ടോയ്ക്ക് പോസ് ചെയ്തു. ശേഷം 2.00 മണിയോട് കൂടി ഡോ. സിമി ജോയ് 'സോഷ്യൽ ലീഡർ ഷിപ്പ് മോഡൽ ഫോർ എക്സലൻസി' എന്ന വിഷയം വളരെ വിദഗ്ധമായി കൈകാര്യം ചെയ്തു. ചായ കുടിച്ചതിന് ശേഷം ചർച്ച തുടർന്നു.

4.30 മണിക്ക് ഐ ഐ എം മ്യൂസിയം കാണാൻ ഞങ്ങൾ എല്ലാവരും പുറപ്പെട്ടു. പ്രധാന കവാടത്തിൽ തന്നെ 'ഉരു' വിന്റെ മോഡൽ നിർമ്മിച്ചു വെച്ചിട്ടുണ്ട്. രണ്ട് നിലകളിലായാണ് മ്യൂസിയം സെറ്റ് ചെയ്തിരിക്കുന്നത്. രണ്ടാം നിലയിൽ സ്വാതന്ത്ര്യത്തിന് മുമ്പുള്ള ഒരു പാട് കാര്യങ്ങളുടെ ചിത്രങ്ങൾ ഉണ്ട്.

ബഹിരാകാശ പേടകങ്ങൾ ചെറുതും വലുതുമൊക്കെ പ്രദർശനത്തിന് വേണ്ടി സൂക്ഷിച്ചിട്ടുണ്ട്. കൂടാതെ എല്ലാവരേയും ഒരു തിയേറ്ററിൽ ഇരുത്തി. റോക്കറ്റ് വിക്ഷേപണം ചെയ്യുന്ന സി ഡി കാണിച്ചു. 7.30 ന് രാത്രി ഭക്ഷണത്തോടെ അന്നത്തെ പരിപാടി അവസാനിച്ചു.

22/07/2017 ന് രാവിലെ 6.30 ന് തന്നെ ഭൂരിഭാഗം പേരും യോഗ ഹാളിൽ എത്തിച്ചേർന്നു. 7.00 മണിക്ക് യോഗ മാസ്റ്റർ എത്തി. എളുപ്പത്തിൽ ചെയ്യാൻ കഴിയുന്നതും ശരീരത്തിന് വളരെ പ്രയോജനപ്പെടുന്നതുമായ 10 ഐറ്റം ഞങ്ങളെ പഠിപ്പിച്ചു.

ബ്രേക്ക് ഫാസ്റ്റിന് ശേഷം 9.30 ന് തന്നെ രണ്ടാം ദിവസത്തെ ക്ലാസ്സ് ആരംഭിച്ചു. പ്രൊഫ. പ്രിയ നായർ രാജീവ് 'എലമെന്റ്സ് ഓഫ് സിസ്റ്റമാറ്റിക് ചേയ്ഞ്ച് ആന്റ് ഹൗ ടു ഗെറ്റ് ചേഞ്ച് റോളിംഗ്' എന്ന വിഷയത്തിൽ 1.00 മണി വരെ ക്ലാസ്സ് എടുത്തു. ഉച്ചഭക്ഷണത്തിന് ശേഷം വീണ്ടും ക്ലാസ്സ് ആരംഭിച്ചു.

ടീം വർക്ക് എങ്ങിനെ നടത്തണം എന്ന ഒരു ഡെമോൺസ്ട്രേഷൻ ഉണ്ടായിരുന്നു. കഴിഞ്ഞ ദിവസത്തേത് പോലെ 6 ടീമുകളാക്കി. അതിൽ ഒരാളെ നിരീക്ഷണത്തിനും മറ്റുള്ളവരെ ഡെമോ ഉണ്ടാക്കാനും നിയോഗിച്ചു. നിരീക്ഷകൻ ടീം വർക്കിൽ ഉണ്ടാകുന്ന ചർച്ചകൾ ക്രോഡീകരിച്ച് അവതരിപ്പിച്ചു. സംഘടനാ വർക്കിലെ പോരായ്മകൾ പ്രാക്ടിക്കലായി അനുഭവത്തിലൂടെ മനസ്സിലാക്കാൻ സഹായിച്ചു.

5 .മണിക്ക് സർട്ടിഫിക്കറ്റ് വിതരണം നടത്തി. ടീമിൽ നിന്ന് രണ്ട് പേർ നന്ദി പറഞ്ഞു. 6.00 മണിക്ക് മുമ്പായി പരിശീലനം അവസാനിച്ചു. രണ്ട് ദിവസത്തെ പരിശീലനം വളരെ വിലപ്പെട്ടതും പഠനാർഹവുമായിരുന്നു.

അബ്ദുൾ സലാം പി പി

എ ഡി എം സി

ജില്ലാമിഷൻ, കണ്ണൂർ